പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4916 05.02.2014 - ൽ മറുപടിക്ക്

## വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

ചോദ്യം
ശ്രീ. റ്റി.എ. അഹമ്മദ് കബീർ

ഉത്തരം
ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ; | (എ) | എപിഎൽ/ ബിപിഎൽ വ്യത്യാസമില്ലാതെ മൂന്നു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള 60 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാപേർക്കും നിലവിൽ വാർദ്ധക്യകാല പെൻഷന് അർഹത യുണ്ട്. |
| (ബി) | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ ഏതെല്ലാം ; | (ബി) | അപേക്ഷയോടൊപ്പം പ്രായം തെളിയിക്കുന്നതിനുള്ള രേഖ, വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഇവ ഹാജരാക്കണം. |
| (സി) | പ്രായപൂർത്തിയായ ആൺമക്കളുടെ സംരക്ഷണത്തിലുള്ള മാതാപിതാക്കൾക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുമോ ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ? | (സി) | ലഭിക്കും. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ടുള്ള സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

028951

GOVERNMENT OF KERALA

7036/സി1/12/സാ.ക്ഷേ.വ.

സാമൂഹ്യക്ഷേമ (സി) വകുപ്പ്
തിരുവനന്തപുരം
തീയതി 28.06.2012

## സർക്കുലർ

10 07 2012

വിഷയം:- സാമൂഹ്യക്ഷേമ വകുപ്പ് --ആൺമക്കളുണ്ടെങ്കിലും അവരുടെ സംരക്ഷണം ലഭിക്കാത്ത മാതാപിതാക്കൾക്ക് കൂടി വാർദ്ധക്യകാല/ വിധവാ പെൻഷൻ ലഭ്യമാക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു

പരാമർശം:- 1. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ 24.09.2007 ലെ J-11013/1/2007/NSAP നമ്പർ ഓഫീസ് മെമ്മോറാണ്ടം
2. 16.01.2008 ലെ സ.ഉ.(എം.എസ്)നം.2/2008/സാ.ക്ഷേ.വ

ബി.പി.എൽ കുടുംബത്തിലെ, നിശ്ചിത പ്രായപരിധി / (സംസ്ഥാന മാനദണ്ഡങ്ങളനുസരിച്ച്, നിലവിൽ 65 വയസ്സ്) കഴിഞ്ഞ അംഗങ്ങൾക്കാണ് നിലവിൽ വാർദ്ധക്യകാല പെൻഷന് അർഹതയുള്ളത്. കുടുംബ വാർഷിക വരുമാനം ഗ്രാമ പ്രദേശങ്ങളിൽ 20,000 രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375 രൂപവരെയുമുള്ള വരുമാന പരിധിയിലുൾപ്പെട്ട അർഹരായവർക്ക് അഗതി (വിധവ) പെൻഷൻ ലഭിക്കുന്നതാണ്. പ്രായപൂർത്തിയായ ആൺമക്കളുള്ള വിധവകൾക്ക്/ വിവാഹമോചിതർക്ക് പെൻഷൻ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അഗതി (വിധവാ) പെൻഷൻ പദ്ധതി പ്രകാരം നൽകുന്ന പെൻഷന് 20 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ളവർക്കും അർഹതയുണ്ടായിരിക്കുന്നതാണെന്ന് പരാമർശം രണ്ട് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ തുടർന്നും ആൺമക്കളുള്ളവർക്ക് ക്ഷേമ പെൻഷനുകൾ നിഷേധിക്കുന്നുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രായപൂർത്തിയായ ആൺമക്കളുണ്ടെന്നുള്ള കാരണത്താൽ, പ്രസ്തുത ക്ഷേമ പെൻഷനുകൾ നിഷേധിക്കാൻ വ്യവസ്ഥയില്ല.

മേൽ സാഹചര്യത്തിൽ ആൺമക്കളുള്ള മാതാപിതാക്കൾക്കും വിധവ/വിവാഹമോചിതർക്കും നിലവിലുള്ള മറ്റു വ്യവസ്ഥകൾ പ്രകാരം യഥാക്രമം വാർദ്ധക്യകാല/വിധവാ പെൻഷൻ പദ്ധതികൾ പ്രകാരം പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണെന്ന് സർക്കാർ വീണ്ടും സ്പഷ്ടീകരണം

നൽകുന്നു. പ്രസ്തുത നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ.കെ.എം.എബ്രഹാം
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശൂർ
പൊതുഭരണ(എസ്.സി) വകുപ്പ് (04.06.2012 ലെ ഇനം നമ്പർ 1762 പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് - പ്രസിദ്ധീകരണത്തിനും
വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനുമായി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
R. [signature]
സെക്ഷൻ ഓഫീസർ

[signature]
സെക്ഷൻ ഓഫീസർ